I/160105/2023

**ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയം**
പബ്ലിക് ഓഫീസ് ബിൽഡിംഗ്
തിരുവനന്തപുരം,പിൻകോഡ് :-695033
**മെയിൽ ഐ ഡി** :- lrcommissioner@gmail.com
e-Office CRU ID :- cru.lrctvm@kerala.gov.in

LR/12316/2023-LR(E7)

**Date:16-11-2023**

**ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണറുടെ നടപടിക്രമം**
**(ഹാജർ :A GEETHA IAS )**

വിഷയം :- ജീവനക്കാര്യം- വിഒ/എച്ച്സി/ആർഐ തസ്തിക- സ്ഥലം മാറ്റി നിയമിച്ച് ഉത്തരവാകുന്നു.

പരാമർശം:- 1. സ.ഉ. (കൈ) നം.254/2023/ആർഡി തീയതി 10/11/2023
2. ഈ കാര്യാലയത്തിൽ നിന്നുള്ള 08/11/2023 ലെ LR 471/2023 LR (E7) നമ്പർ നടപടിക്രമം
3. ഈ കാര്യാലയത്തിൽ നിന്നുള്ള 23/06/2023 ലെ LR 471/2023 LR (E7) നമ്പർ അന്തിമ മുൻഗണന പട്ടിക.
4. കൊല്ലം ജില്ലാ കളക്ടറുടെ 09/11/2023 ലെ DCKLM/121/2023 E1 നമ്പർ കത്ത്.

കൊല്ലം റവന്യൂ എസ്റ്റാബ്ലിഷ്മെന്റിൽ വിഒ/എച്ച്സി/ആർഐ തസ്തികയിലുള്ള ശ്രീ. ഡൊമനിക്.എ., അച്ചടക്ക നടപടിയുടെ ഭാഗമായി സസ്പെൻഷനിലായിരുന്നതായും ടിയാന്റെ സസ്പെൻഷൻ പിൻവലിച്ച് കൊല്ലം താലൂക്കിന് പുറത്തുള്ള മറ്റേതെങ്കിലും താലൂക്കിൽ നിയമനം നൽകണമെന്ന വ്യവസ്ഥയിൽ സർവ്വീസിൽ പുനപ്രവേശിച്ചിരുന്നതും ആയതിനാൽ ടിയാനെ 07/11/2023 ൽ കൊട്ടാരക്കര സ്റ്റേഷനിൽ നിയമിച്ച് ഉത്തരവായിരുന്നുവെന്നും പരാമർശം (2) ലെ ഉത്തരവ് മുഖേന കൊട്ടാരക്കര സ്റ്റേഷനിൽ ഉണ്ടായ രണ്ട് ഒഴിവുകളും നികത്തിയിട്ടുള്ളതിനാൽ ടിയാന്റെ നിയമനം അധികമാണെന്ന് പരാമർശം (4) പ്രകാരം കൊല്ലം ജില്ലാ കളക്ടർ അറിയിച്ചിരിക്കുന്നു.

ടി വിഷയം പരിശോധിച്ചു. പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം കൊല്ലം സ്റ്റേഷനിലെ കിഫ്ബി ഓഫീസിൽ പുതിയതായി ഒരു റവന്യൂ ഇൻസ്പെക്ടറുടെ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. പരാമർശം (3) ലിസ്റ്റിൽ നിന്നും ഓപ്പൺ കാറ്റഗറി നമ്പർ 6 വരെ (RAJESHKUMAR K (165330)) കൊല്ലം സ്റ്റേഷനിലേക്ക് സ്ഥലംമാറ്റം ലഭിച്ചിട്ടുള്ളതാണ്. ലിസ്റ്റ് പരിശോധിച്ചതിൽ കൊല്ലം സ്റ്റേഷനിലേക്ക് അടുത്തതായി സ്ഥലമാറ്റത്തിന് അർഹതയുള്ളത് ഓപ്പൺ കാറ്റഗറി നമ്പർ 7 ശ്രീ. ജെമിനികുമാർ കെ (346601) നാണ്. ടിയാൻ നിലവിൽ കൊട്ടാരക്കര സ്റ്റേഷനിലാണ് ജോലി ചെയ്യുന്നത്.

മേൽ സാഹചര്യത്തിൽ പരാമർശം (3) അന്തിമ സീനിയോരിറ്റി പട്ടികയിലുള്ള ശ്രീ. ജെമിനികുമാർ കെ (346601) യെ ടിയാന്റെ ഓപ്ഷന്റെ അടിസ്ഥാനത്തിൽ കൊല്ലം സ്റ്റേഷനിൽ നിലവിലുള്ള ഒഴിവിലേക്ക് സ്ഥലംമാറ്റി നിയമിച്ചും ടിയാന്റെ സ്ഥലംമാറ്റം മുഖേന കൊട്ടാരക്കര സ്റ്റേഷനിൽ ഉണ്ടായ ഒഴിവിലേക്ക് ശ്രീ. ഡൊമനിക്.എ. നിയമനം ക്രമീകരിച്ചും ഇതിനാൽ ഉത്തരവാകുന്നു.

I/160105/2023

കൊല്ലം ജില്ലാ കളക്ടർ ടി ജീവനക്കാർക്ക് യഥാവിധി നിയമനം നൽകി വിവരം ഈ കാര്യാലയത്തെ അറിയിക്കേണ്ടതാണ്.

Signed by A Geetha Ias
Date: 16-11-2023 13:31:14

A GEETHA IAS, JC C L R, O/O Joint Commissioner CLR

വ്യക്തികൾക്ക് (ജില്ലാ കളക്ടർ മുഖേന)

പകർപ്പ് :

1. ജില്ലാ കളക്ടർ, കൊല്ലം.
2. നോഡൽ ആഫീസർ , സ്റ്റേറ്റ് ഐ.ടി.സെൽ ( ശ്രീ. ജെമിനികുമാർ കെ (346601) യുടെ കൊല്ലം സ്റ്റേഷനിലേക്കുള്ള ഓപ്ഷൻ റദ്ദ് ചെയ്യുന്നതിനും അടുത്ത സ്ഥലംമാറ്റത്തിൽ ടിയാന്റെ ഹയർ ഓപ്ഷൻ ലഭിക്കുന്നതിനുള്ള ക്രമീകരണം നടത്തുന്നതിനും ഉത്തരവ് വെബ്സൈറ്റ് പ്രസിദ്ധീകരിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്)
3. കമ്മീഷണർ/ജോ. കമ്മീഷണർ സി.എ.മാർക്ക്
4. അധിക കരുതൽ ഫയൽ